**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**17 MAY 2019**
**11 RAMADAN 1440 AH**

# RAMADAN'S IDENTITY
## *റമദാന്റെ ഏകത/അനന്യത*

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ***റമദാന്റെ ഏകത/അനന്യത*** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഈ പ്രത്യേക മാസത്തിന്റെ ദിനരാത്രങ്ങളിലൂടെയാണ് നാം ജീവിച്ചുകൊണ്ടിരിക്കുന്നത്. ഒരനുഗ്രഹീതമായ മാസം! അനേകം പ്രയോജനങ്ങളാൽ നിറയപ്പെട്ട മാസം! ഓരോ മുസ്ലിമിനും ഈ മാസം സൗഭാഗ്യത്തിന്റേതാണ്. മാത്രമല്ല നല്ല അവസരത്തിന്റേതുമാണ്. ഈ മാസം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന്, ഈ മാസം എന്തിന് പ്രതീകമായിരിക്കുന്നു എന്നറിയൽ, വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതിൽ നിന്നും നമുക്ക് എന്ത് നേട്ടം ആർജ്ജിക്കുവാൻ സാധിക്കും! എന്നറിയൽ വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. അതിലൂടെ മാത്രമെ ദൈവീക സ്നേഹവും ദൈവീക മോക്ഷവും നമുക്ക് നേടുവാൻ സാധിക്കുകയുള്ളു. ഒരിക്കൽ നമുക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാം എന്ന പ്രത്യാശയും ഉടലെടുക്കുകയുള്ളു ഇൻശാ അല്ലാഹ്!

നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)പറഞ്ഞു. ഇതാ നിങ്ങളിൽ റമദാൻ സമാഗതമായിരിക്കുന്നു. ഒരനുഗൃഹീതമായ മാസം! സർവ്വശക്തനും അത്യുദാരനുമായ അല്ലാഹു(ത) നിങ്ങളോട് കല്പിച്ചിരിക്കുന്നു, പ്രസ്തുത മാസത്തിൽ, വ്രതമനുഷ്ഠിക്കുവാൻ (നസായി)

ചില മുസ്ലിംകൾ, റമദാന്റെ ആഗമനത്തെ സ്വാഗതം ചെയ്യാറില്ല. കാരണം അവർക്ക് സ്വയം ഭക്ഷണ പാനീയങ്ങളിൽ നിന്ന് അകന്നു

നില്ക്കേണ്ടതായി വരുന്നു. അവർ പതിവായി ചെയ്തുകൊണ്ടിരിക്കുന്ന വിനോദ സന്തോഷങ്ങൾ നഷ്ടപ്പെടുത്തേണ്ടതായി വരും! അങ്ങനെ ആണെങ്കിലും, ഒരു യഥാർത്ഥ വിശ്വാസിയെ സംബന്ധിച്ചിടത്തോളം, റമദാൻ അല്ലാഹു(ത) യുടെ അനുഗ്രഹത്തിന്റെ പര്യായമാണ്. കാരണം ഈ മാസം

## 1. THE MONTH OT VICTORY/വിജയത്തിന്റെ മാസമാകുന്നു റമദാൻ

ഇസ്ലാമിന്റെയും മുസ്ലിംകളുടെയും വിജയത്തിന്റെ ചിഹ്നമാകുന്നു റമദാൻ മാസം, കാരണം, ഈ മാസത്തിലാണ്, അതായത് മഹത്തായ പ്രഥമയുദ്ധം ബദ്റിൽ അരങ്ങേറിയത്, ഹിജ് 2-ാം വർഷം റമദാൻ 17-ാം തീയതി ആയിരുന്നു പ്രസ്തുത യുദ്ധം. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)യും, 313 അനുചരന്മാരും ഒരു വശത്തും, മറുവശത്ത് മക്ക യിലെ അവിശ്വാസികളും ഈ യുദ്ധത്തിൽ മുസ്ലിംകൾ വിജയശ്രീലാളി തരായി. ഈ മാസത്തിലാണ് അല്ലാഹു(ത) നമ്മുടെ കഠിനശത്രുവായ സാത്താനെ ചങ്ങലക്കിടുന്നത്. അതുകൊണ്ട് ഓരോ വ്യക്തിക്കും പ്രസ്തുത മാസത്തിൽ അവന്റെ മേൽ വിജയം നേടാവുന്നതാണ്.

പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസത്ഫ(സ) പറഞ്ഞു. റമദാ നിലെ പ്രഥമ രാത്രി സമാഗതമായാൽ പിശാചുക്കളെയും അക്രമികളായ ജിന്നുകളെയും ചങ്ങലകളാൽ ബന്ധിക്കുന്നതാണ്, എന്നിട്ട് നരകവാ തിൽ അടയ്ക്കപ്പെടുകയും ചെയ്യുന്നതാണ്. നരകത്തിന്റെ ഒരു വാതിലും പിന്നെ തുറക്കുന്നതുമല്ല. സ്വർഗ്ഗ വാതിലുകൾ തുറക്കപ്പെടുന്നതാണ്, അതിലെ ഒരു വാതിലും അടയ്ക്കപ്പെടുന്നതുമല്ല (തിർമിദി)

നമ്മുടെ ഭൂമിയിലെ ജീവിതം സാത്താനെതിരിലുള്ള ശക്തമായ പോരാട്ടം തന്നെയാണ് എന്നത് നിഷേധിക്കുവാൻ കഴിയാത്ത ഒരു യാഥാർത്ഥ്യമാണ്. നമ്മുടെ സൃഷ്ടാവിൽ നിന്നും നമ്മെ അകറ്റുമെന്ന് അവൻ ദൃഢപ്രതിജ്ഞ എടുത്ത കാര്യമാണ്. അവന്റെ ബഹുമുഖമായ ആകർഷണങ്ങളാൽ നമ്മെ അവൻ അവന്റെ അടിമയാക്കുമെന്ന് ദൃഢ നിശ്ചയം ചെയ്ത കാര്യവുമാണ്. ലോകരക്ഷിതാവിൽ നിന്ന് നമ്മെ അക റ്റുന്നതിന് അവന്റെ എല്ലാ ശക്തിയും ഉപയോഗിച്ച് കഠിന പരിശ്രമം ചെയ്യു ന്നതാണ്. എന്നിട്ട് അവൻ നമ്മെ അവന്റെ അടിമകളാക്കി വെച്ച് ഭരണം നടത്തുന്നതാണ്. അവന്റെ ഇഷ്ടത്തിന് ചലിക്കുന്ന, അവന്റെ കയ്യിലെ പാവകളാക്കി നമ്മെ മാറ്റുന്നു. സാത്താന്റെ അടിമത്വത്തിൽ നിന്നും അവന്റെ കെണിയിൽ നിന്നും നമ്മെ സ്വയം രക്ഷപ്പെടുത്തുവാനുള്ള ഒര

വസരമാണ് റമദാൻ നമുക്കായി ഒരുക്കുന്നത്. പരിശുദ്ധ റമദാൻ മാസത്തിൽ സാത്താന്റെ മേൽ നമുക്ക് ആധിപത്യം സ്ഥാപിക്കുവാൻ കഴിയുന്നില്ലെങ്കിൽ, പിന്നെ എപ്പോഴാണ് നമുക്കതിന് കഴിയുക? അതുകൊണ്ടാണ്, അല്ലാഹു(ത)യും അവന്റെ ദൂതൻ(സ)യും നമ്മെ പഠിപ്പിച്ചത്, പരിശുദ്ധ റമദാൻ മാസത്തിൽ നമ്മുടെ മേൽ ഏർപ്പെടുത്തിയ നിരോധനങ്ങളിലൂടെ അല്ലാഹു(ത)യുമായി നാം സ്ഥാപിക്കുന്ന ആത്മീയ സാമീപ്യത്തിലൂടെ, നമുക്ക് സാത്താനെ ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. അതുപോലെ അവന്റെ ആക്രമണത്തെ തടയുന്നതിനും സാധിക്കുന്നതാണ്.

ഈ സംരഭത്തിൽ ആരാണ് വിജയിക്കുന്നത്? ഇതിൽ വിജയിക്കുന്നത് യഥാർത്ഥ വിശ്വാസികൾ മാത്രമായിരിക്കും. അവർക്കായി മാത്രം സ്വർഗ്ഗ കവാടങ്ങൾ തുറന്നു കിടക്കുന്നതാണ്. അവർക്കായി മാത്രം നരകത്തിന്റെ വാതിൽ അടഞ്ഞുകിടക്കുന്നതായിരിക്കും. നമുക്കോരോരുത്തർക്കും അല്ലാഹു(ത) സ്വയം സംസ്ക്കരിക്കുവാനുള്ള അവസരം പ്രദാനം ചെയ്യട്ടെ. നേർപാത സ്വീകരിക്കുവാനുള്ള അവസരം നല്കട്ടെ! നേർപാതയിലൂടെ മാത്രം യാത്ര തുടരുവാനുള്ള സൗഭാഗ്യം നല്കട്ടെ. ഈ ദൈവീക ഉപദേശങ്ങളും കല്പനകളും അർഹമായ നിലയിൽ പരിഗണിക്കുകയും, പ്രാവർത്തികമാക്കുകയും ചെയ്യുന്നവരുടെമേൽ സാത്താനെ യാതൊരുവിധ സ്വാധീനവും ഉണ്ടായിരിക്കുന്നതല്ല.

## 2. THE MONTH OF PURIFICATION /പരിശുദ്ധിയുടെ മാസം

നമ്മിലെ നാമെന്ന ഭാവത്തെ നാം ശുദ്ധീകരിക്കേണ്ട് മാസമാണ് റമദാൻ. പ്രാഥമിക ഘട്ടത്തിലെ ദോഷപ്രവണതയുള്ള ആത്മാവിനെ ശുദ്ധീകരിക്കേണ്ട മാസം ! എന്നിട്ട് നമ്മുടെ തഖ്‌വ വർദ്ധിപ്പിക്കുക. അതിലൂടെ നമ്മുടെ സൃഷ്ടാവുമായുള്ള ബന്ധം വർദ്ധിപ്പിക്കുക. നാം വളർത്തി എടുക്കുന്ന, അഥവാ ഉണ്ടായി തീർന്ന ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ, മുൻകഴിഞ്ഞ 11 മാസങ്ങളിലൂടെ അവന്റെ കോപത്തെ ഇളക്കിവിട്ട നമ്മുടെ പ്രവർത്തിക്ക് കടിഞ്ഞാണിടുക. ഈ മാസം ആയതിനാൽ അവന്റെ സംതൃപ്തി അന്വേഷിക്കേണ്ട മാസമാണ്. അവന്റെ ദയവായ്പിനായി തേടേണ്ട മാസമാണ്, അവന്റെ മാപ്പന്വേഷിക്കേണ്ട മാസമാണ്, ചുരുക്കത്തിൽ നമ്മുടെ സൃഷ്ടാവിന്റെ അനുഗ്രഹങ്ങൾ ആരായേണ്ട മാസമാണ്!

വ്രതാനുഷ്ഠാനത്തിലൂടെ നാം സൂക്ഷ്മത നേടുന്നു. നാം അല്ലാഹു(ത)യുടെ സംതൃപ്തിയിലെത്തി ചേരുന്നു. ആയതിനാൽ നമുക്ക് റമദാൻ നല്കുന്നത് ഏറ്റവും നല്ല അവസരമാണ്, അതായത് അല്ലാഹുവിന്റെ മുമ്പിൽ നമുക്ക് ധാരാളം പിഴവുകൾ സംഭവിച്ചുപോയെങ്കിലും, തെറ്റുകൾ പറ്റിപോയെങ്കിലും, പാപങ്ങൾ ചെയ്തു പോയിട്ടുണ്ടെങ്കിലും അരുതാത്ത പലതും ചെയ്തുപോയെങ്കിലും, ഞങ്ങൾ നിന്നെ എപ്പോഴും സ്നേഹിക്കുന്നു. നിന്നെ ഞങ്ങൾ ഭയപ്പെടുന്നു. നിന്റെ നന്മ നമുക്ക് എപ്പോഴും ആവശ്യമാണ്, നിന്റെ കാരുണ്യം സദാ ഞങ്ങൾക്കു വേണം, ഞങ്ങളെ നേർവഴിയിലൂടെ നടത്തുന്നതിനുള്ള ദയാവായ്പുണ്ടാകണം. അതുമാത്രമല്ല, അല്ലാഹു(ത) വാഗ്ദാനം ചെയ്തിരിക്കുന്നു. ആരാണോ റമദാൻ മാസത്തിൽ അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷിച്ചുകൊണ്ടും, അവനെ ഭയന്നുകൊണ്ടും വ്രതമനുഷ്ഠിച്ചത്, അവന് അല്ലാഹു, താൻതന്നെയായിരിക്കും അതിനുള്ളപ്രതിഫലം എന്ന് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു.

## 3. THE MONTH OF PATIENCE /ക്ഷമയുടെ മാസം

നമ്മുടെ ജീവിതത്തിലെ എല്ലാ അവസ്ഥയിലും ക്ഷമകൊണ്ടു വരുന്ന മാസമാണ് റമദാൻ! നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)പറഞ്ഞു. ക്ഷമയുടെ മാസ (റമദാൻ) ത്തിലെ വ്രതാനുഷ്ഠാനവും, തുടർന്ന് ഓരോ മാസത്തിലെയും മൂന്ന് നോമ്പും പിടിക്കുന്നവൻ ജീവിതകാലം മുഴുവൻ വ്രതമനുഷ്ഠിച്ചവനെ പോലെയാണ് (നസാഈ, അഹ്മദ്)

ഈ ഹദീസിലൂടെ അല്ലാഹു(ത)യുടെ ദൂതൻ(സ)റമദാൻ മാസത്തെ അഭിസംബോധന ചെയ്തത് ക്ഷമയുടെ മാസമായിട്ടാണ്. ഇത് തെളിയിക്കുന്നത്, നമ്മിൽ ക്ഷമ വളർത്തിയെടുക്കുവാനുള്ള ഏറ്റവും നല്ല അവസരമായിട്ടുള്ള മാസമാണ് റമദാൻ എന്നാണ്. അതിലൂടെ നാം അല്ലാഹുവിനെ അനുസരിക്കുന്നതിൽ നിലനില്ക്കുകയും, സാത്താന്റെ ആക്രമത്തെ പ്രതിരോധിക്കുകയും, ദൗർഭാഗ്യാവസരങ്ങളിൽ, നാം സ്വയം നിയന്ത്രണ വിധേയരായി തീരുകയും ചെയ്യുന്നു.

അല്ലാഹു(ത)യുടെ തിരുദൂതൻ (സ)പറഞ്ഞു. ക്ഷമാ പൂർവ്വം വ്രതമനുഷ്ഠിക്കുന്ന ഒരു വ്യക്തിക്ക് നല്കുന്ന പ്രതിഫലം തന്നെയാണ് നന്ദിപൂർവ്വം ഭക്ഷണം ഭക്ഷിപ്പിക്കുന്ന ഒരാൾക്കും, ഭക്ഷണശാല നടത്തുന്നവർക്കും പ്രതിഫലമായി ലഭിക്കുക. ഈ പ്രവാചക വചനത്തിന്റെ മറ്റൊരു ഭാഷാന്തരം ഇങ്ങനെയാണ്, പ്രവാചകൻ(സ) പറഞ്ഞു. ഒരാവൻ ഭക്ഷണം

കഴിക്കുകയും അവൻ നന്ദിയുള്ളവനായിരിക്കുകയും ചെയ്താൽ അവന് ലഭ്യമാകുന്ന പദവി, ഒരുവൻ വ്രതമനുഷ്ഠിക്കുകയും, ക്ഷമകൈക്കൊള്ളുകയും ചെയ്യുന്നവനു ലഭിക്കുന്ന പദവിയായിരിക്കും. മറ്റൊരു തരത്തിൽ പറഞ്ഞാൽ, നന്ദി പൂർവ്വം ഒരുവൻ ഭക്ഷിക്കുകയും, മറ്റൊരുവൻ ക്ഷമാപൂർവ്വം വ്രതമനുഷഠിക്കുകയും ചെയ്താൽ, അവർ പ്രതിഫലത്തിൽ തുല്യരായിരിക്കുന്നതാണ് (തിർമിദി) ഇബ്നുമാജ, അഹ്മദ്)

ഈ ഹദീസിന്റെ വെളിച്ചത്തിൽ വ്രതാനുഷ്ഠാനം ഒരു ആരാധനയാണ് എന്ന് മനസ്സിലാകുന്നു. അത് നമ്മെ ക്ഷമാലു ആയിരിക്കുവാൻ പഠിപ്പിക്കുന്നു.

## 4. THE MONTH OF FORGIVENESS : മാപ്പിന്റെ മാസം

വീണ്ടും സമാഗതമായ വർഷത്തിലെ റമദാൻ മാസത്തിൽ, അവനു വേണ്ടി വ്രതമനുഷ്ഠിക്കുവാൻ നമുക്ക് കഴിയുമെങ്കിൽ, അത് അല്ലാഹു(ത) നമുക്ക് ചെയ്തുതന്ന വളരെ വലിയ അനുഗ്രഹം തന്നെയാണ്. അതിലൂടെ, അല്ലാഹുമായി കൂടുതൽ അടുക്കുന്നതിനുള്ള ഒരവസരം കൂടിയാണ് പ്രദാനം ചെയ്തിരിക്കുന്നത്. അവനോട് മാപ്പു ചോദിക്കുവാനുള്ള ഒരവസരം! നമ്മുടെ തെറ്റുകൾക്കും പാപങ്ങൾക്കും വിടുതൽ ലഭിക്കുവാനുള്ള ഒരവസരം! പാപഭാരങ്ങൾ ഇറക്കി വെയ്ക്കുവാനും ഒഴിവാക്കുവാനുമുള്ള അവസരം! നമ്മുടെ ആത്മാവും നമ്മുടെ പ്രവർത്തനങ്ങളും നമ്മുടെ ഉദ്ദേശങ്ങളും അല്ലാഹു(ത)യ്ക്ക് തൃപ്തിപ്പെടുന്ന രീതിയിലാക്കിത്തീർക്കുവാനുള്ള ഒരവസരം! ഒരു വ്യക്തി റമദാൻ മാസത്തിൽ ജീവിച്ചിരിക്കുകയും, എന്നിട്ടവൻ, അവനെ, സ്വയം പരിശുദ്ധിയുള്ളവനാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നില്ലെങ്കിൽ, അവനതിൽ വിജയിക്കുന്നില്ലെങ്കിൽ, അവന്റെ സ്വാഭാവം അവൻ സംസ്ക്കരിക്കുന്നില്ലെങ്കിൽ പ്രസ്തുത വ്യക്തിയുടെ മുഴുവൻ ജീവിതവും പാഴായിപോയിരിക്കുന്നു. കുറഞ്ഞത് അവൻ അവന്റെ തെറ്റുകൾ മനസ്സിലാക്കുന്നതുവരെയെങ്കിലും, തുടർന്ന് ജീവിതം സംസ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നവരെയെങ്കിലും, എന്നാൽ ഈ അവസരം അവൻ മുതലാക്കുന്നില്ലെങ്കിൽ, റമദാനിലെ അതിവിശിഷ്ഠമായ അനുഗ്രഹങ്ങൾ ലഭ്യമാക്കുവാൻ ശ്രമിക്കുന്നില്ലെങ്കിൽ, തീർച്ചയായും അത് അവന് വളരെ വലിയ നഷ്ടം തന്നെ ആയിരിക്കും, അവൻ വളരെ വലിയ ദൗർഭാഗ്യവാൻ തന്നെ!

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. റമദാൻ മാസത്തിൽ നിഷ്ക്കളങ്കമായ വിശ്വാസത്തോടെ ആരാണോ വ്രതമനുഷ്ഠിക്കുന്നത്, അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം അവന് ലഭിക്കുന്നതാണ് എന്ന പ്രതീക്ഷയുള്ളവന്, അവന്റെ കഴിഞ്ഞകാല പാപങ്ങളെല്ലാം മാപ്പാക്കപ്പെടുന്നതാണ് (ബുഖാരി)

## 5. THE MONTH OF PROMOTION : അഭിവൃദ്ധിയുടെ മാസം

ഇബാദുത്തുകൾ ചെയ്യുന്നവർക്ക് ഈ മാസത്തിലെ അവരുടെ പ്രവർത്തനങ്ങൾക്ക് പലമടങ്ങ് പ്രതിഫലങ്ങൾ നല്കപ്പെടുന്നതാണ്, പ്രസ്തുത ഇബാദത്തുകളുമായി, സ്ത്രീ ആകട്ടെ, പുരുഷനാകട്ടെ അവർ തങ്ങളുടെ സൃഷ്ടാവിനെ സമീപിക്കുമ്പോൾ, അവരുടെ പ്രതിപലങ്ങൾ, റമദാൻ മാസത്തിലെ പ്രതിഫലങ്ങൾ, പലമടങ്ങായി വർദ്ധിപ്പിച്ചുകൊടുക്കുന്നതാണ്. വ്രതാനുഷ്ഠാനത്തിന്റെ പ്രതിഫലം തീർച്ചയായും കണക്കറ്റതാണ്.

നമ്മുടെ മഹനായ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. ഓരോ ആദം സന്തതിയുടെയും (നല്ല) പ്രവർത്തനങ്ങൾക്ക് അനേകമടങ്ങ് പ്രതിഫലം നല്കുന്നതാണ്. ഒരു നല്ല പ്രവർത്തിക്ക് പത്തുമുതൽ എഴുനൂറ് ഇരട്ടിവരെ പ്രതിഫലം ലഭിക്കുന്നതാണ്. പരിശുദ്ധനും പരമോന്നതനുമായ അല്ലാഹു പറഞ്ഞു. പ്രതിഫല കാര്യത്തിൽ വ്രതാനുഷ്ഠാനത്തെ ഒഴിവാക്കിയിരിക്കുന്നു. കാരണം അതെനിക്കുവേണ്ടിയാണ് നിർവ്വഹിക്കപ്പെടുന്നത്, അതിന് ഞാനാണ് പ്രതിഫലം നല്കുന്നത്, എന്റെ തൃപ്തിക്കായിട്ടാണ് അവൻ അന്നപാനീയങ്ങൾ ഉപേക്ഷിച്ചതും അവന്റെ ദേഹേഛയെ കൈവെടിഞ്ഞതും (മുസ്ലിം)

റമദാൻ മാസത്തോടൊപ്പം ലൈലത്തുൽ ഖദ്റും കടന്നുവരുന്നു. 1000മാസത്തെക്കാൾ പ്രതിഫലം ലഭിക്കുന്ന ഒരു രാത്രി അതിലുണ്ട്. അനസ് ഇബ്ന് മാലിക്ക്(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. റമദാന്റെ പ്രഥമ ദിനത്തിൽ അല്ലാഹു (ത)യുടെ ദൂതൻ (സ)പറഞ്ഞു പ്രസ്തുത മാസം ഇതാ നിങ്ങളിൽ വന്നിരിക്കുന്നു. ഇതിലെ ഒരു രാത്രി ആയിരം മാസത്തെക്കാൾ ശ്രേഷ്ഠമായതാണ്. ഇതിനെ ആരാണോ നഷ്ടപ്പെടുത്തികളയുന്നത് അവരിൽ നിന്ന് ഇതിലുള്ള എല്ലാ നന്മയും എടുത്തു കളയുന്നതാണ്. യഥാർത്ഥത്തിൽ നഷ്ടപ്പെട്ടവനല്ലാതെ, ഇതിലുള്ള നന്മ

നഷ്ടപ്പെടുത്തിക്കളയുകയില്ല. (ഇബ്നു മാജ)

ചുരുക്കത്തിൽ, റമദാൻ എല്ലാ നിലയിലുമുള്ള അനുഗ്രഹങ്ങളാൽ നിറയപ്പെട്ട മാസമാകുന്നു. അനേകർ റമദാൻ മാസത്തിൽ അറേബ്യയിലെ മക്കയിൽ പോയി, വ്രതാനുഷ്ഠാനത്തോടൊപ്പം ഉംറ: നിർവ്വഹിക്കുന്നു. അതിലൂടെ കൂടുതൽ നേട്ടങ്ങൾ കൊയ്യുവാൻ ആഗ്രഹിക്കുന്നു. ഇതിന്റെ കാരണം, ഒരു ഹദീസിൽ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞിരിക്കുന്നു. റമദാനിൽ നിർവ്വഹിച്ച ഒരു ഉംറ : ഹജ്ജ് കർമ്മത്തിന് തുല്യമാകുന്നു. അല്ലെങ്കിൽ എന്നോടൊപ്പം നിർവ്വഹിച്ച ഒരു ഹജ്ജ് പോലെയാണ് (ബുഖാരി)

## 6. THE MONTH OF DELIVERANCE : വിമോചനത്തിന്റെ മാസം

നരകാഗ്നിയിൽ നിന്നും തന്റെ അടിമകളെ അല്ലാഹു(ത) സ്വതന്ത്രമാക്കുന്ന മാസമാകുന്നു റമദാൻ. മഹാനായ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. റമദാൻ മാസത്തിൽ, അഗ്നിയിൽ നിന്നും അല്ലാഹു(ത) എല്ലാ ദിവസവും രാത്രിയും പകലും ജനങ്ങളെ മോചിപ്പിക്കുന്നു. (അഹ്മദ്)

ആയതിനാൽ, ഒരാൾക്ക് അല്ലാഹുവിനെ ഒരല്പമെങ്കിലും ഭയമുണ്ടെങ്കിൽ അല്ലാഹു(ത) അവൻ സ്വയം തന്നെ, ഭയപ്പെടുത്തിയ അവന്റെ ശിക്ഷയെകുറിച്ച് ഭയമുണ്ടെങ്കിൽ, അതായത് നരകത്തെകുറിച്ച്, ഇതവന്റെ ഹൃദയത്തിലുണ്ടെങ്കിൽ, തീർച്ചയായും ഈ മാസത്തെ അവൻ ഒരു അവസരമാക്കി മുതലെടുക്കുന്നതാണ്. അവന്റെ സ്വഭാവത്തെ, പെരുമാറ്റത്തെ സംസ്ക്കാരിക്കുന്നതാണ്. പ്രാർത്ഥനയിലൂടെ അവന്റെ തെറ്റുകുറ്റങ്ങൾ മാപ്പാക്കപ്പെടുന്നതിനായും, അതിലൂടെ അല്ലാഹുവിൽ നിന്നുള്ള പാപമോചനത്തിനായും അവന്റെ സാമീപ്യത്തിനായും യത്നിക്കുന്നതാണ്. പ്രാർത്ഥനയിലൂടെ, (നമസ്ക്കാരങ്ങളിലൂടെ) ദുആകളിലൂടെ, ദിക്ക്റുകളിലൂടെ, മറ്റിതര ഇബാദത്തുകളായ ഖുർആൻ പാരായണത്തിലൂടെ, സാധുക്കൾക്ക് അന്നദാനത്തിലൂടെ, ജീവകാരുണ്യ പ്രവർത്തനത്തിന് കൂടുതൽ ധനം ചെലവഴിക്കുന്നതിലൂടെ, സക്കാത്തു നല്കുന്നതിലൂടെ, നിർബന്ധമായ എല്ലാ കടമകളും നിറവേറ്റുന്നതിലൂടെ, ഈ അനുഗൃഹീതമായ അവസരം സുന്നത്തായ കാര്യങ്ങൾ അധികരിപ്പിക്കുന്നതിലൂടെ, ദീനീപ്രവർത്തനത്തിനായി കൂടുതൽ സമയം കണ്ടെത്തി പ്രവർത്തിക്കുന്നതിലൂടെ അവന് പ്രതിഫലങ്ങളുടെ കൂമ്പാ

രങ്ങൾ കുന്നുകൂട്ടാവുന്നതാണ്. ഇത്തരം മാർഗങ്ങളിലൂടെ, നമുക്ക് അല്ലാഹു(ത)യിൽ നിന്ന് മാപ്പ് ലഭിക്കുന്നതാണ്. അവശേഷിക്കുന്ന വർഷത്തിലൂടനീളം ഇത്തരം നല്ല പ്രവർത്തികൾ ആവർത്തിക്കുന്നതിനുള്ള ഒരു പരിശീലനവുമാണ് പരിപാവനമായ റമദാൻ!

ഈ മാസം നാം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. ഈ മാസത്തിൽ നമുക്ക് യാതൊരു വിധ നന്മയും നഷ്ടപ്പെട്ടു പോകാതെ, പരമാവധി കാത്തുസൂക്ഷിക്കേണ്ടതാണ്. റമദാൻ ഒരിക്കലും ഒരു സാധാരണമാസം പോലെ ആകരുത്. ജനങ്ങൾ അവർ സ്വയം ദിവസവും കുറെ മണിക്കൂറുകൾ പട്ടിണികിടക്കുന്ന ഒരു മാസമായി പോകരുത്. അനാവശ്യമായ കാര്യങ്ങളിൽ നിങ്ങൾ വ്യാവൃതരാകരുത്. നിങ്ങളുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തിക്കളയരുത്.

അനേകർ, അവരുടെ സമയം അടുക്കളയിൽ നഷ്ടപ്പെടുത്തിക്കളയുന്നു, അല്ലെങ്കിൽ നിദ്രയിൽ അവരുടെ സമയം നഷ്ടപ്പെടുത്തുന്നു. അല്ലെങ്കിൽ മറ്റിതര പ്രയോജനരഹിതമായ പ്രവർത്തനങ്ങളിലേർപ്പെട്ട്, വിലയേറിയ സമയം നഷ്ടപ്പെടുത്തിക്കളയുന്നു. അവയൊന്നും ആരാധനയിൽപെടുന്നതായിരിക്കില്ല. അപ്പോൾ, ഉമ്മത്ത്/ സമുദായം ഒറ്റക്കെട്ടായി മുന്നേറണം, അവർ യഥാർത്ഥത്തിൽ ഒരു റമദാൻ മാസത്തിൽ ജീവിക്കുന്നു എന്ന് അവർ സ്വയം ഉറപ്പാക്കണം, അല്ലാഹു(ത)യും ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യും നമ്മെ പഠിപ്പിച്ച പ്രകാരം, റമദാനിൽ നാം ജീവിക്കുന്നു എന്നുറപ്പാക്കണം. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഈ റമദാൻ കൊണ്ട് എന്തു പ്രയോജനമാണുള്ളത്? എന്തിനു വേണ്ടിയാണ് അല്ലാഹു(ത) ഇത്തരം ഒരു മാസം നല്കിയത്? അന്നപാനീയങ്ങൾ ഉപേക്ഷിച്ച് കഴിയുന്നതെന്തിനാണ്? അല്ലാഹു(ത)യും അവന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യും പഠിപ്പിച്ച പ്രകാരം ചെയ്യുന്നില്ലെങ്കിൽ മറ്റു കാര്യങ്ങളിലേക്കൊന്നും അല്ലാഹു(ത) തിരിയുന്നതല്ല. നമ്മുടെ പ്രവർത്തനങ്ങൾ ഫലശൂന്യങ്ങളായി പോകുന്നതാണ്. മറിച്ച്, അവൻ നമ്മളിലൂടെ ഉദ്ദേശിക്കുന്നത്, നാം സ്വയം നന്നാകുവാൻ ശ്രമിക്കണം, അതിനൊവസരം അവൻ നല്കുകയാണ്, അത് അവനിൽ നിന്നുള്ള ഒരു ഔദാര്യമാണ്, നാം സ്വയം നന്നാകുന്നതിനായി! ഈ വഴിയിലൂടെ അവൻ നമുക്ക് മാപ്പു ചെയ്യുവാൻ ഉദ്ദേശിക്കുന്നു, നാം അവനിലേക്ക് എത്തിച്ചേരുവാൻ ആഗ്രഹിക്കുന്നു, നാം അവന്റെ സാമീപ്യത്തിലായിരിക്കുവാൻ ആഗ്രഹിക്കുന്നു, നല്ലതിനായി, അവരുടെ

ജീവിതത്തിന് ഒരു മാറ്റത്തിനായി, അവന്റെ ദാസന്മാർക്കെല്ലാം അവനൊരു പുതിയ അവസരം ഒരുക്കുകയാണ്, അവർ നേർപാതയിൽ ചരിക്കുവാനായി, അതായത് സ്വിറാത്തുൽ മുസ്താഖീമിൽ ആയിരിക്കുവാനായി, സാത്താന്റെ എല്ലാ ദുഃസ്വാധീനങ്ങളിൽ നിന്നും നിങ്ങൾ സ്വയം (കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾ അവന്റെ സ്വാധീന വലയത്തിലായിരുന്നു) നിങ്ങളെ എന്നന്നേക്കുമായി സ്വതന്ത്രരാക്കുന്നതിനായി, ഒരുമാസമിതാ തന്നിരിക്കുന്നു, പ്രസ്തുത മാസമാണി റമദാൻ!

## 7. THE MONTH OF INVOCATIONS : പ്രാർത്ഥനകളുടെ മാസം

അളവറ്റ ഹലാലായ പ്രാർത്ഥനകൾ അല്ലാഹു(ത) സ്വീകരിക്കുന്ന മാസമാണ് റമദാൻ. നിങ്ങൾ അല്ലാഹു(ത)യോട് എത്രത്തോളം കൂടുതലായി പ്രാർത്ഥിക്കുന്നുവോ, നിങ്ങൾ എത്രത്തോളം അവനിൽ ഭരമേല്പിക്കുന്നുവോ, അത്രത്തോളം അവൻ നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം ചെയ്യുന്നതാണ്. ആയതിനാൽ തീർച്ചയായും അല്ലാഹു(ത) നിങ്ങളുടെ എല്ലാ പ്രാർത്ഥനകൾക്കും ഉത്തരം നല്കുന്നതാണ്.

നമ്മുടെ പ്രിയ, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. നിങ്ങളുടെ ദുആയ്ക്ക് ഉത്തരം കിട്ടുമെന്നുള്ള ഉറപ്പോടുകൂടിയുള്ള മാനസിക നിലയിൽ നിങ്ങൾ ദുആ ചെയ്യുക, അലക്ഷ്യമായ അശ്രദ്ധമായ ഹൃദയത്തിൽ നിന്നും ഉടലെടുക്കുന്ന ദുആയ്ക്ക് അല്ലാഹു(ത) ഉത്തരം ചെയ്യുന്നതല്ല(തിർമിദി)

റമദാൻ മാസത്തിൽ, അവനുവേണ്ടി വ്രതമനുഷ്ഠിക്കുന്നവരുടെ പ്രാർത്ഥനകൾ അവൻ വളരെയധികം കേൾക്കുന്നതാണ്. അബൂഹുറൈറ(റ) റിപ്പാർട്ട് ചെയ്തിരിക്കുന്നു. പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു മൂന്ന് വ്യക്തികളുടെ പ്രാർത്ഥനകൾ അല്ലാഹു(ത) നിരസിക്കുകയില്ല. നീതിമാനായ ഭരണാധികാരിയുടെ പ്രാർത്ഥന, നോമ്പുകാരൻ നോമ്പുമുറിക്കുന്നതിന് തൊട്ടുമുമ്പുള്ള പ്രാർത്ഥന, അക്രമത്താൽ പീഡനമേല്ക്കുന്നവന്റെ പ്രാർത്ഥന(തിർമിദി)

നോക്കൂ! റമദാൻ നമുക്ക് വളരെ മഹത്തായ ഒരു സന്ദേശമാണ് കൊണ്ടു വരുന്നത്, നമ്മുടെ ഭക്തിയില്ലെങ്കിൽ, ഉപാസനയില്ലെങ്കിൽ റമദാന് നമ്മിൽ ഒരസ്ഥിത്വവുമില്ല. റമദാനില്ലെങ്കിൽ, നമുക്ക് ജീവിതത്തിൽ രണ്ടാമത് മറ്റൊരവസരവുമില്ല. അവനോടൊപ്പം ചേർന്നു നില്ക്കുന്നവരാരൊക്കെയാണെന്ന് അല്ലാഹു(ത)യ്ക്ക് നോക്കിക്കാണുന്നതിന്, റമദാനെ തലോടികൊണ്ട്, അല്ലാഹുവിന്റെ ഇച്ഛകൾ നിലനില്ക്കുന്നു. ഈ ലക്ഷ്യ

ത്തിലേക്കാണ് അവൻ റമദാനെ സ്ഥാപിച്ച് നിർത്തിയിരിക്കുന്നത്. അതു കൊണ്ട് അവൻ നമുക്ക് മാപ്പ് ചെയ്യുന്നു. അവൻ നമ്മെ നേർപാതയിൽ നിലനിർത്തുന്നു. ഇനി നാം നമ്മുടെതായ നിലയിൽ യാതൊരു പ്രയത്നവും ചെയ്യുന്നില്ലെങ്കിൽ, റമദാൻ മാസം നമ്മുടെ മുന്നിൽ നിന്നും കടന്നുപോകുന്നതാണ്, അതിലൂടെ ലഭിക്കാവുന്നതിലെ പരമാവധി പ്രയോജനങ്ങളിൽ നിന്നും ഒന്നു പോലും ലഭിക്കാതെ ! അല്ലാഹുവിന്റെ സാന്നിദ്ധ്യത്തിലെത്തിപ്പിടിക്കുവാനുള്ള അവസരങ്ങൾ നമുക്കായി സമർപ്പിച്ചതിനെ നാം നശിപ്പിച്ചു കളഞ്ഞു. നമുക്കതിലൂടെ നമ്മുടെ പാപമോചനം നേടാമായിരുന്നു, അവന്റെ സംപ്രീതി കരസ്ഥമാക്കാമായിരുന്നു, അവന്റെ സ്വർഗം കരഗതമാകുമായിരുന്നു. റമദാൻ മാസത്തിൽ നാം എത്രത്തോളം പ്രയത്നങ്ങൾ അല്ലാഹുവിന്റെ വഴിയിൽ ചെയ്യുന്നുവോ, അത്രത്തോളം വലിയ സ്വർഗ്ഗീയാനന്ദങ്ങൾ നമ്മിലേക്കെത്തിച്ചേരുന്നതാണ്. നാം അല്ലാഹുവിൽ നിന്ന് എത്രത്തോളം ഒഴിഞ്ഞുപോകുന്നുവോ, അതിനനുസരിച്ച് നമ്മിലേക്ക് നരകം അടുത്തുവരുന്നതാണ്. അങ്ങനെ അവന്റെ അനുഗ്രഹങ്ങൾ നമുക്ക് നഷ്ടമാകുന്നതാണ്. ആയതിനാൽ, ജാഗ്രതയിലായിരിക്കുക, ഈ അതിമഹത്തായ അവസരം നഷ്ടപ്പെട്ടു പോകാൻ ഇടവരരുത്. നിങ്ങൾ അല്ലാഹുവിൽ സമ്പൂർണ്ണമായ നിലയിൽ സ്വയം സമർപ്പിക്കുക, മുഴുവൻ ശ്രദ്ധയും അവനിൽ മാത്രം കേന്ദ്രീകരിക്കുക.

അവനെ കിട്ടുവാൻ, അവൻ തന്നെ, അല്ലാഹു(ത) തന്നെ, നമ്മെ സഹായിക്കട്ടെ! ഈ മാസത്തിലെ പ്രതിഫലം അവൻ തന്നെ ആയിരിക്കട്ടെ! ഈ ലോകത്തിലെ തുടർന്നുള്ള ജീവിതത്തിലും (അവൻ തന്നെ ആയിരിക്കട്ടെ നമ്മുടെ പ്രതിഫലം) ഇൻശാ അല്ലാഹ് ! ആമീൻ

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*